**പതിമൂന്നാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3146

13.10.2011 - ൽ മറുപടിയ്ക്ക്

## <u>തോട്ടപ്പള്ളി ഫിഷറീസ് ഹാർബർ</u>

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. ജി. സുധാകരൻ** | **ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി)** |
| (എ) തോട്ടപ്പള്ളി ഫിഷറീസ് ഹാർബറിൽ തീരസുരക്ഷയുടെ ഭാഗമായി എടുത്തിട്ടുള്ള ബോട്ട് ഉപയോഗശൂന്യമായി കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രവർത്തനക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ?<br><br>(ബി) എത്ര രൂപ മുതൽ മുടക്കി എന്ത് ഉപയോഗത്തിനാണ് പ്രസ്തുത ബോട്ട് വാങ്ങിയത്, ആരുടെ മേൽ നോട്ടമാണ് ടി ബോട്ടിനുള്ളത്. | (എ) & (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. തോട്ടപ്പള്ളി ഫിഷറീസ് ഹാർബറിൽ തീരസുരക്ഷയുടെ ഭാഗമായി ഫിഷറീസ് വകുപ്പ് ബോട്ട് എടുത്തിട്ടില്ല. |
| (സി) തോട്ടപ്പള്ളി ഫിഷറീസ് ഹാർബറിൽ കൃത്യമായി ഡ്രഡ്ജിംഗ് നടത്തുവാൻ നടപടി സ്വീകരിക്കുമോ? ഹാർബർ വിപുലീകരിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ? | (സി) 50% കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ തോട്ടപ്പള്ളി മത്സ്യബന്ധന തുറമുഖത്തെ കാപ്പിറ്റൽ ഡ്രഡ്ജിംഗ് പ്രവൃത്തി 90% പൂർത്തിയായിട്ടുണ്ട്. തോട്ടപ്പള്ളി ഫിഷിംഗ് ഹാർബറിന്റെ മെയിന്റനൻസ് ഡ്രഡ്ജിംഗിന് വേണ്ടി 52 ലക്ഷം രൂപ ഉൾപ്പെടെ 50% കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ച ഫിഷിംഗ് ഹാർബറുകളുടെ മെയിന്റനൻസ് ഡ്രഡ്ജിംഗ് പ്രവർത്തനങ്ങൾക്കായി 1054 ലക്ഷം രൂപയുടെ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ